പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 911 30.10.2019-ലെ മറുപടിയ്ക്ക്

**വൈത്തിരിയിൽ വനം-റവന്യൂ വകുപ്പുകളുടെ ഭൂമി പരിശോധന**

**ചോദ്യം**

**ശ്രീ.സി. കെ. ശശീന്ദ്രൻ**

**മറുപടി**

**അഡ്വ. ശ്രീ.കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വൈത്തിരി താലൂക്കിൽ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ ഭൂമിയുടെ വിശദാംശങ്ങൾ (വിസ്തൃതി സഹിതം) ലഭ്യമാക്കുമോ; വില്ലേജ് തിരിച്ച് പട്ടിക ലഭ്യമാക്കുമോ; | (എ) | വൈത്തിരി താലൂക്കിൽ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ കണ്ടെത്തിയ ഭൂമിയുടെ വിശദാംശങ്ങൾ (വിസ്തൃതി സഹിതം) അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംയുക്ത പരിശോധനയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചു; ഇതിൽ സ്വീകരിച്ച അപേക്ഷകൾ എത്ര; നിരസിച്ച അപേക്ഷകൾ എത്ര എന്ന് വെളിപ്പെടുത്താമോ; | (ബി) | സംയുക്ത പരിശോധനയ്ക്കായി 2029 അപേക്ഷകൾ ലഭിച്ചു. ഇതിൽ 910 അപേക്ഷകൾ സ്വീകരിച്ചു. 1119 അപേക്ഷകൾ നിരസിച്ചു. |
| (സി) | നിരസിക്കപ്പെട്ട അപേക്ഷകർ അപ്പീൽ നൽകുന്നതിന് ആരെയാണ് സമീപിക്കേണ്ടത്; വിശദമാക്കാമോ; അപ്പീൽ സംവിധാനം നിലവിലില്ലെങ്കിൽ അത് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ജോയിന്റ് വെരിഫിക്കേഷനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) ആണ്. അപ്പീൽ സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനം എടുക്കേണ്ടത് റവന്യൂ വകുപ്പാണ്. |
| (ഡി) | സംയുക്ത പരിശോധനയിൽ സ്വീകരിച്ച അപേക്ഷകർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ബഹുമാനപ്പെട്ട ഹൈക്കോടതി ഡബ്ളിയു.പി (സി) നം. 4501/2018, തീയതി 08.11.2018 ൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരവും, ആയതിന്മേൽ നല്കിയ റിട്ട് അപ്പീൽ ഡബ്ളിയു.എ. നമ്പർ 694/2019 പ്രകാരവും 01.01.1977 ന് മുൻപുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള സംയുക്ത പരിശോധന വെസ്റ്റഡ് ഫോറസ്റ്റിലും, ഇ.എഫ്.എൽ-ലും നടത്തുന്നതിന് സാധിക്കില്ല. സംയുക്ത പരിശോധന പട്ടികയിൽ അപ്രകാരമുള്ള സ്ഥലങ്ങൾ ഉൾപെട്ടിട്ടുണ്ടെങ്കിൽ കോടതി വിധി അനുസരിച്ച് ആയവ നീക്കം ചെയ്യേണ്ടി വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമനമ്പർ | റെയ്ഞ്ച് | വില്ലേജ് | ലഭിച്ച അപേക്ഷകളുടെ എണ്ണം | ജോയിന്റ് വേരിഫിക്കേഷൻ നടത്തിയ അപേക്ഷകളുടെ എണ്ണം | വിസ്തീർണ്ണം (ഹെക്ടറിൽ) | നിരസിച്ച അപേക്ഷകളുടെ എണ്ണം | ജോയിന്റ് വേരിഫിക്കേഷൻ നടത്താൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | മേപ്പാടി | വെള്ളരിമല | 2017 | 116 | 103.994 | 1117 | 0 |
| 2 | | കോട്ടപ്പടി | | 194 | 44.361 | | 0 |
| 3 | | മുപ്പൈനാട് | | 484 | 161.994 | | 0 |
| 4 | | തൃക്കൈപ്പറ്റ | | 106 | 11.308 | | 0 |
| 5 | കൽപ്പറ്റ | പടിഞ്ഞാറത്തറ | 1 | 1 | 0.250 | 0 | 0 |
| 2 | | തരിയോട് | 11 | 9 | 3.060 | 2 | 0 |
| | | | 2029 | 910 | 324.967 | 1119 | 0 |